13-ാം കേരള നിയമസഭ

12-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2374

09.12.2014 ലെ മറുപടിക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതി

**ചോദ്യം** — **ഉത്തരം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

| | | |
|---|---|---|
| (എ) | 2013 ഏപ്രിൽ ഒന്നു മുതൽ നാളിതുവരെ എത്ര പേർ സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | 2013 ഏപ്രിൽ ഒന്നു മുതൽ 03.12.2014 വരെ സ്പാർക്ക് ഡേറ്റാ ബേസിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് 27670 പേർ സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. |
| (ബി) | ജീവനക്കാരിൽ നിന്ന് ശേഖരിച്ചതും, സർക്കാർ പങ്കാളിത്തവും ഉൾപ്പെടെ എത്ര തുക സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചെന്ന് വെളിപ്പെടുത്താമോ? | ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും 14.08.2008 ലെ കേന്ദ്ര സർക്കാരിലെ 5(88)/2006- പി.ആർ എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ റുപ്പി ബോണ്ടുകൾ, മണി മാർക്ക് ഇൻസ്ട്രമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്നത്. പെൻഷൻ ഫണ്ടിലേക്ക് 31.102014 വരെ സംസ്ഥാന ജീവനക്കാർക്കു വേണ്ടി സർക്കാർ വിഹിതമായി 7.395 കോടി രൂപ നൽകിയിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ട് നിക്ഷേപം സംബന്ധിച്ചുള്ള കേന്ദ്ര സർക്കാർ |
| (സി) | ടി തുക മറ്റേതെങ്കിലും ബാങ്കുകളിലോ ഏജൻസികളിലോ നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | |

| | | |
|---|---|---|
| | | നോട്ടിഫിക്കേഷനിൽ സംസ്ഥാന ട്രഷറി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ദേശീയ പെൻഷൻ ഫണ്ട് സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ